## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5809** **30.07.2015-ൽ മറുപടിയ്ക്ക്**

# കെ. എസ്. ഇ. ബി. യെ വിഭജിച്ച് കമ്പനിയാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ വിഭജിച്ച് കമ്പനികൾ ആക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) ഇല്ല. 2003 -ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡിനെ കേരള സർക്കാരിന്റെ നൂറുശതമാനം ഓഹരിയുടമസ്ഥതയുള്ള "കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന ഒറ്റ കമ്പനിയായിട്ടാണ് പുന:സംഘടിപ്പിച്ചിട്ടുള്ളത്. |
| (ബി) കെ. എസ്. ഇ. ബി. വിഭജിച്ച് കമ്പനിയാക്കിയതിലൂടെ എന്തെങ്കിലും മെച്ചപ്പെട്ട സംവിധാനം നിലവിൽ വന്നുവോ ; എന്തെല്ലാം ഗുണങ്ങൾ ആണ് ഉണ്ടായത് ; | (ബി) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ കമ്പനിനിയമത്തിൻ കീഴിൽ, വിഭജിക്കാതെതന്നെ, ഒറ്റകമ്പനിയായിട്ടാണ് പുന:സംഘടിപ്പിച്ചത്. ഇതിലൂടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണങ്ങളും പ്രയോജനങ്ങളും ജനങ്ങളിലെത്തിക്കാൻ സാധിക്കുന്നുണ്ട്. |
| (സി) ബോർഡിന്റെ ആസ്തി ബാധ്യത സംബന്ധിച്ച കാര്യങ്ങൾ എങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നത് ; | (സി) 31-10-2013-ലെ ജി. ഒ (പി) 46/2013/ഊ. വ നമ്പർ ഉത്തരവു പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി (പുനർനിക്ഷിപ്തമാക്കൽ), 2013 പ്രകാരം മുൻ കെ. എസ്. ഇ. ബി. യുടെ ആസ്തി-ബാധ്യതകൾ കെ. എസ്. ഇ. ബി. ലിമിറ്റഡിൽ പുനർനിക്ഷിപ്തമാക്കിയിട്ടുണ്ട്. ടി രണ്ടാം കൈമാറ്റ പദ്ധതിയിന്മേൽ 28-01-2015-ലെ ജി. ഒ (പി) നമ്പർ. 3/2015/ഊ. വ പ്രകാരം പുറടുവിച്ച ഭേദഗതി വിജ്ഞാപനത്തിൽ കമ്പനിയുടെ 01-11-2013 വരെയുള്ള ആസ്തി ബാധ്യതകൾ പുന:ക്രമീകരിച്ചു നൽകുകയും അവയുടെ വിശദാംശങ്ങളടങ്ങുന്ന ബാലൻസ് ഷീററ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരമാണ് കമ്പനിയുടെ ആസ്തി-ബാധ്യതകൾ നിശ്ചയിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ കെ. എസ്. ഇ. ബി. യ്ക്ക് എത്ര തുകയുടെ ബാധ്യത യുണ്ട് ; | (ഡി) | നിലവിലുള്ള കണക്ക് പ്രകാരം 20.07.2015-ൽ കെഎസ്.ഇ.ബി.യ്ക്ക് ഏകദേശം 6236.77 കോടി രൂപയുടെ കടബാധ്യതയുണ്ട് |
| (ഇ) | പ്രസ്തുത ബാധ്യത എങ്ങനെ നികത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (ഇ) | വിവിധ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി എടുത്ത തുകകൾ യഥാസമയം തിരിച്ചടവ് നടത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ നികത്തുവാനാണ് ശ്രമിക്കുന്നത്. |
| (എഫ്) | കെ. എസ്. ഇ. ബി. യുടെ നഷ്ടം കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ ? | (എഫ്) | വിവിധ പുതിയ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയ ബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ നഷ്ടം കുറച്ചുകൊണ്ടുവരുവാനാണ് ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ.